# നവകേരളം വാർത്ത

2025 സെപ്റ്റംബർ വാല്യം 1

ന്യൂസ്‌ലെറ്റർ

ഓൺലൈൻ

56




## 2050 ഓടെ കേരളത്തെ കാർബൺ ന്യൂട്രലാക്കുക ലക്ഷ്യം: മുഖ്യമന്ത്രി

2050 ഓടെ കേരളത്തെ കാർബൺ ന്യൂട്രലാക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം നഗരസഭ നടപ്പിലാക്കുന്ന ഗ്രീൻ ബജറ്റ് 2025 ന്റെ പ്രകാശനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. കാർബൺ ബഹിർഗമനത്തെ പരിമിതപ്പെടുത്താനായി നഗരത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ് ഗ്രീൻ ബജറ്റിൽ വ്യക്തമാക്കുന്നത്.



ഇത് മറ്റു തദ്ദേശ സ്ഥാപനങ്ങൾക്ക് മാതൃകയാണ്. കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ക്ഷോഭം തുടങ്ങിയ ഒട്ടേറെ വിഷയങ്ങളെക്കുറിച്ച് ലോകത്തെമ്പാടും ചർച്ചകൾ നടക്കുന്നുണ്ട്. എന്നിരുന്നാലും കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിന് പൊതുവായ യോജിപ്പ് അന്താരാഷ്ട്ര തലത്തിൽ ഉയർന്നു വരുന്നില്ല. യുഎൻ ക്ലൈമറ്റ് ചെയ്ഞ്ച് കോൺഫറൻസിലും വ്യക്തമായ മാർഗരേഖകളൊന്നും രൂപീകരിച്ചില്ല. അതിനൊന്നും കാത്തുനിൽക്കാതെയാണ് നാം നടപടികളി ലേക്ക് കടക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. പാരിസ്ഥിതിക വെല്ലുവിളികളെ അതിജീവിക്കുന്നതിനായി ഹരിതേകരളം മിഷൻ ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങളിലൂടെ നല്ലതോതിൽ പരിസ്ഥിതി സൗഹൃദ അവബോധം സൃഷ്ടിക്കാനാകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ചടങ്ങിൽ മേയർ ആര്യ രാജേന്ദ്രൻ അധ്യക്ഷയായി.

**എഡിറ്റോറിയൽ**

## പ്രകൃതിസൗഹൃദമാകട്ടെ ഓണാഘോഷം

മഴമാറി പുഴ തെളിയുന്ന കാലമാണ് ചിങ്ങമാസവും ഓണക്കാലവും. പ്രകൃതിക്കാകെ വല്ലാത്തൊരു മനോഹാരിതയാണ് ഇക്കാലത്ത്. പ്രകൃതി വിരിച്ചുവച്ച പച്ചപ്പിന്റെയും ശാന്തതയുടെയും പരിശുദ്ധിയുടെയുമൊക്കെ പ്രതിഫലനം കൂടിയാണ് ഈ നാളുകൾ. വിളവെടുപ്പിന്റെ സമൃദ്ധി നാളുകളാണ് ഓണക്കാലം. അതിനാൽ മനുഷ്യന്റെ ഏറെനാളത്തെ അധ്വാനത്തിന്റെ ഫലങ്ങളെ ആഘോഷിക്കേണ്ട സമയമാണിത്. പ്രകൃതിയുടെ താളവും ലയവും മനസ്സിലാക്കി അതിനനുസൃതമായി ജീവിക്കുവാൻ നമുക്ക് കഴിയണമെന്നതാണ് ഓണം പകർന്നു നൽകുന്ന സന്ദേശം.

നോക്കുന്നിടത്തൊക്കെ ഓണത്തിന്റെ അടയാളങ്ങളാണ്. ഓണവെയിൽ, ഓണനിലാവ്, ഓണക്കാറ്റ്, ഓണത്തുമ്പി, ഓണപ്പൂക്കൾ, ഓണപ്പാട്ട്, ഓണക്കളികൾ, ഓണക്കോടി...... അങ്ങിനെ നീളുന്നു. പ്രകൃതിയും മനുഷ്യനും ഒന്നിച്ചാഘോഷിക്കുന്ന ഉത്സവം. പഴയകാല ഹരിതസമൃദ്ധിയെ ഓണനാളുകളിലൂടെ ഓർത്തെടുക്കുമ്പോൾ പ്രകൃതിയിൽ നമുക്കു നഷ്ടപ്പെട്ടവയൊക്കെ വീണ്ടെടുക്കാനുള്ള ശ്രമം കൂടിയുണ്ടാകുന്നത് ഭാവി തലമുറയ്ക്ക് നാം നൽകുന്ന ഏറ്റവും മികച്ച ഓണ സമ്മാനമായിരിക്കും. അതേ, കേരളത്തിന്റെ ഹരിതസമൃദ്ധി നാം വീണ്ടെടുത്തേ മതിയാവൂ. അതിനായുള്ള തീവ്രശ്രമത്തിലാണ് ഹരിതകേരളം മിഷൻ. വെള്ളവും വൃത്തിയും വിളവും, ശുദ്ധവും സമൃദ്ധവുമായി നാം വീണ്ടെടുത്തു നിലനിർത്തണം.

പ്രകൃതിയുടെ സമൃദ്ധിയിലാണ് ഓണസങ്കല്പം യാഥാർത്ഥ്യമാകുന്നത്. നമ്മുടെ ഗൃഹാതുരത്വത്തെ ഇത്രമേൽ തൊട്ടുണർത്തുന്ന മറ്റൊരാഘോഷവും മലയാളിക്കില്ല. ചവിട്ടിതാഴ്ത്തപ്പെട്ടവന് ഒരു ഉയിർത്തെഴുന്നേൽപ്പുണ്ട്. ഓണം അങ്ങിനെ ചിലതു കൂടി ഓർമ്മിപ്പിക്കുന്നു. മഹാബലി എന്നത് മാനവികത ഇന്നോളം കണ്ടതിൽ വച്ച് ഏറ്റവും മഹത്തായ ഭരണ സങ്കല്പമാണ്. സമൃദ്ധിയെ തുല്യമായി വീതം വയ്ക്കാനുള്ള സമഭാവനയുടെ ആഹ്വാനമാണ് പുതിയ കാലത്തെ ഓണത്തിലൂടെ നാം അറിയുന്നത്.

അതിജീവനത്തിന്റെ സന്ദേശം കൂടിയാണ് നമുക്കിന്ന് ഓണം. പ്രതിബന്ധങ്ങൾ തരണം ചെയ്ത്, പ്രതിസന്ധികളെ അതിജീവിക്കാൻ വേണ്ട പ്രത്യാശയും ഊർജ്ജവുമാണ് ഓണം മനുഷ്യമനസ്സുകളിൽ പകരുന്നത്. കാലത്തിനൊപ്പം ഉത്സവങ്ങളുടെ മുഖഛായ മാറുകയാണെങ്കിലും ഓണത്തിന്റെ സ്വത്വവും സന്ദേശവും ഇന്നും കെടാതെ നിൽക്കുകയാണ്.

ഈ ഓണക്കാലവും പുതിയ പ്രതീക്ഷകൾ നമ്മളിൽ നിറയ്ക്കട്ടെ. ഐക്യത്തോടെ നമ്മെ ചേർത്തു നിർത്തട്ടെ. സമത്വവും സാഹോദര്യവും ഉയർത്തിപ്പിടിച്ച് നല്ല നാളുകൾക്കായി നമുക്ക് ഒരുമിച്ച് മുന്നേറാം.

ഹൃദയംഗമമായ ഓണാശംസകൾ


ഡോ. ടി.എൻ. സീമ

സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി2

വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ






# ജലജന്യരോഗ പ്രതിരോധം ശക്തമാക്കാൻ തദ്ദേശ സ്ഥാപനങ്ങളോട് മുഖ്യമന്ത്രി



അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനാധികാരികളോട് അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ജലജന്യരോഗങ്ങളെ പ്രതിരോധിക്കുന്നതിന് 'ജലമാണ് ജീവൻ' ക്യാമ്പയിന് രൂപം നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഹരിതകേരളം മിഷൻ തുടങ്ങിയവർ ഉൾപ്പെടുന്നതാണ് ഈ പരിപാടി.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിലാണ് 'ജലമാണ് ജീവൻ' ക്യാമ്പയിന് തുടക്കം കുറിച്ചത്. ഇതിനോടനുബന്ധിച്ച് ആഗസ്റ്റ് 30,31 തീയതികളിൽ സംസ്ഥാനത്തെ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യാനും വീടുകളിലേയും സ്ഥാപനങ്ങളിലേയും വാട്ടർടാങ്കുകൾ വൃത്തിയാക്കാനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്നും മുഴുവൻ വാട്ടർടാങ്കുകളും വൃത്തിയാക്കപ്പെട്ടിട്ടുണ്ടെന്നും ഉറപ്പുവരുത്തണം. ഇതോടൊപ്പം സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും, പ്രദേശത്തെ ജലസ്രോതസ്സ് വൃത്തിയാക്കലും ഉൾപ്പെടെയുള്ള തുടർപ്രവർത്തനങ്ങളും ഏറ്റെടുക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

## മലപ്പുറം ജില്ലയിൽ പുതിയ സ്കൂൾ കെട്ടിടങ്ങൾ





മറ്റ് ജില്ലകളിലെ പോലെ മലപ്പുറത്തും സർക്കാർ കോടിക്കണക്കിന് രൂപ ചെലവഴിച്ച് പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ മാറ്റം മലപ്പുറത്തും പ്രകടമാണ്. മലപ്പുറം ഗവ. എൽ. പി. സ്കൂൾ, പറമ്പിൽപീടികയുടെ പുതിയ കെട്ടിടോദ്ഘാടനം, ഒളകര ജി. എൽ. പി. സ്കൂൾ കെട്ടിട ഉദ്ഘാടനം തുടങ്ങിയവ വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി നിർവഹിച്ചു.

## ലൈഫ്: ആറര ലക്ഷം വീടുകൾ പൂർത്തിയാക്കും: മന്ത്രി എം.ബി. രാജേഷ്



സംസ്ഥാന സർക്കാർ കാലാവധി പൂർത്തിയാക്കുമ്പോൾ ലൈഫ് ഭവന പദ്ധതിയിലൂടെ കേരളത്തിൽ ആറര ലക്ഷം വീടുകൾ പൂർത്തീകരിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. കോളയാട് ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ ഉദ്ഘാടനവും ലൈഫ് ഭവന പദ്ധതിയിലൂടെ പൂർത്തീകരിച്ച 288 വീടുകളുടെ താക്കോൽ കൈമാറ്റവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്ത് എല്ലാ മേഖലകളിലും വൻ വികസനത്തിനാണ് സർക്കാർ നേതൃത്വം കൊടുക്കുന്നത്. പശ്ചാത്തല വികസനത്തോടൊപ്പം സർക്കാർ സേവനങ്ങൾ വേഗത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള വിപുലമായ പദ്ധതികളാണ് നടപ്പിലാക്കുന്നത്. കെ.കെ. ശൈലജ ടീച്ചർ എം എൽ എ അധ്യക്ഷയായി. കോളയാട് ഗ്രാമപഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയിലൂടെ അർഹരായ 384 കുടുംബങ്ങളെ കണ്ടെത്തി കരാറിൽ ഉൾപ്പെടുത്തിയിരുന്നു. അതിൽ 288 കുടുംബങ്ങളുടെ ഭവന നിർമാണമാണ് പൂർത്തിയായത്. 14.23 കോടിരൂപയാണ് പദ്ധതിക്കായി ചെലവായത്.

## എല്ലാ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി

സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. കൊല്ലം നെടുമ്പന സാമൂഹികാരോഗ്യകേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെയും, മുഖത്തല ബ്ലോക്ക്



പൊതുജനാരോഗ്യ യൂണിറ്റിന്റെയും, മീയണ്ണൂരിലെ ജനകീയാരോഗ്യ കേന്ദ്രത്തിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

മരുന്നുകുറിക്കൽ, ലാബ്പരിശോധനാ റിപ്പോർട്ട് തുടങ്ങിയവ കടലാസ് രഹിതമാക്കി രോഗികളുടെ ചികിത്സാവിവരം ഒറ്റ ക്ലിക്കിൽ ലഭ്യമാകുന്ന തരത്തിൽ

പദ്ധതി വ്യാപിപ്പിക്കും. സർക്കാർ മേഖലയിലെ ലാബുകളെ ബന്ധിപ്പിച്ച് 'നിർണയ ലബോറട്ടറി ശൃംഖല' പ്രാബല്യത്തിൽ വരും. രോഗചികിത്സക്കൊപ്പം പ്രതിരോധത്തിന് പ്രധാന്യം നൽകിയുള്ള രീതിയാണ് നടപ്പാക്കുക. ബ്ലോക്കിന്റെ ജനകീയാരോഗ്യ കേന്ദ്രം എല്ലാ ചൊവ്വാഴ്ചകളും സ്ത്രീകളുടെ ക്ലിനിക്കായി പ്രവർത്തിക്കും.

## വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ നിക്ഷേപം : മന്ത്രി കെ എൻ ബാലഗോപാൽ



അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുന്നതിന് കിഫ്ബി മുഖേന കൂടുതൽ നിക്ഷേപം നടത്തിയത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആണെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ. കൊല്ലം ജില്ലയിലെ വാക്കനാട് സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ പുതിയ കെട്ടിടത്തിന്റെയും ടോയ്‌ലറ്റ് കോംപ്ലക്സിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. അന്താരാഷ്ട്ര നിലവാരമുള്ള കെട്ടിട നിർമാണമാണ് സംസ്ഥാനത്ത് നടക്കുന്നത്. സ്കൂളിലെ കെട്ടിട നിർമാണത്തിന്റെ അടുത്തഘട്ടത്തിന് 3.9 കോടിയുടെ ടെൻഡർ നടപടിയായി. നിർമാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കും. സ്കൂളിലെ ഗ്രൗണ്ടിന്റെ വികസനവും നടപ്പിലാക്കും. വിവിധ മേഖലകളിലെ തൊഴിലുകൾ, കണ്ടുപിടിത്തങ്ങൾ എന്നിവയിൽ കേരളത്തിലെ സർക്കാർ സ്കൂളുകളിലെ വിദ്യാർഥികൾ മുൻപന്തിയിലാണ്. കൊട്ടാരക്കര ടൗൺ ബോയ്സിൽ ത്രീഡി ലാബ് സൗകര്യം ഉടൻ ഏർപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

## ലൈഫ് മിഷൻ: ഭവന സമുച്ചയം സ്പീക്കർ ഉദ്ഘാടനം ചെയ്തു



ഭവന രഹിതരില്ലാത്ത കേരളം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ലൈഫ് മിഷന്റെ ഭാഗമായി പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ മാതമംഗലം വ്യവസായ എസ്റ്റേറ്റിൽ നിർമ്മിച്ച ലൈഫ് ഭവന സമുച്ചയത്തിന്റെ ഉദ്ഘാടനവും താക്കോൽ കൈമാറ്റവും നിയമസഭാ സ്പീക്കർ അഡ്വ. എ.എൻ. ഷംസീർ നിർവഹിച്ചു. ഗ്രാമപഞ്ചായത്തുകൾ മാലിന്യ സംസ്കരണത്തിൽ ഗൗരവമായി ഇടപെടണമെന്നും മാലിന്യ സംസ്കരണത്തിനുള്ള പൊതുബോധം സമൂഹത്തിൽ വളരണമെന്നും അദ്ദേഹം പറഞ്ഞു. ടി.ഐ. മധുസൂദനൻ എംഎൽഎ അധ്യക്ഷനായി.

## ഓഫീസുകളിലെ ഓണാഘോഷം ഹരിതമാക്കും

കോട്ടയം ജില്ലയിലെ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും നടക്കുന്ന ഓണാഘോഷപരിപാടികൾ പൂർണമായും ഹരിതചട്ടം പാലിച്ചു നടപ്പാക്കാൻ ജില്ലാ കളക്ടർ ചേതൻ കുമാർ മീണയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം. ഓണാഘോഷങ്ങളോടനുബന്ധിച്ചു നടത്തുന്ന പരിപാടികളിൽ മാലിന്യം പരമാവധി കുറയ്ക്കാൻ എല്ലാവരുടേയും സഹകരണം ഉണ്ടാകണമെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു. നവംബർ വരെ എല്ലാ മൂന്നാമത്തെ വെള്ളിയാഴ്ചയും ഓഫീസുകളിൽ ശുചീകരണപരിപാടി സംഘടിപ്പിക്കാനും ഓണം ഹരിത ഓണം എന്ന ബ്രാൻഡിങ്ങോടെ ആഘോഷിക്കാനും തീരുമാനമായി.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ



തുടർപ്രവർത്തനങ്ങളുടെ ഭാഗമായാണ് കളക്ട്രേറ്റ് തൂലിക കോൺഫറൻസ് ഹാളിൽ യോഗം ചേർന്നത്. ഓഫീസുകളിലെ ഇ വേസ്റ്റും ഉപയോഗശൂന്യമായ ഫർണിച്ചറും ക്ലീൻ കേരള കമ്പനിക്ക് നൽകണമെന്നും ഓഫീസുകളിലെ മാലിന്യങ്ങൾ ഹരിതകർമ സേനയ്ക്കു യൂസർ ഫീ നൽകി കൈമാറുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും യോഗം നിർദേശിച്ചു. ഓണത്തിന് ഓഫീസുകളിൽ ഭക്ഷണസാമഗ്രികൾ നൽകുമ്പോൾ ഡിസ്പോസബിൾ വസ്തുക്കൾ പാടില്ല എന്നു കാറ്ററിങ് സർവീസുകാർക്കു കർശനമായ നിർദേശം നൽകണം. മാലിന്യങ്ങൾ വേർതിരിക്കാൻ പോലുമാകാത്ത രീതിയിൽ കുഴഞ്ഞുപോകാനിടയാക്കുന്ന പേപ്പർ റോളുകൾ ഉപയോഗിക്കുന്നില്ല എന്നുറപ്പാക്കണം. മത്സരങ്ങൾ പ്രകൃതിക്കിണങ്ങിയവയാകണമെന്നും യോഗം നിർദേശം നൽകി. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ബിനുജോൺ, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ എൻ.എസ്. ഷൈൻ, എന്നിവർ പ്രസംഗിച്ചു. ജില്ലാതല ഉദ്യോഗസ്ഥർ, ജീവനക്കാരുടെ സംഘടനകളുടെ പ്രതിനിധികൾ എന്നിവരും യോഗത്തിൽ പങ്കെടുത്തു.



# സംസ്ഥാനത്ത് 6.5 ലക്ഷം ആളുകൾക്ക് സൗജന്യ ചികിത്സ ലഭിച്ചു: മന്ത്രി വീണാ ജോർജ്



ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്ത് 6.75 ലക്ഷം പേർക്ക് ഈവർഷം സൗജന്യചികിത്സ ലഭിച്ചുവെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. കൊല്ലം ചവറ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രം, ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് എന്നിവയുടെ ഉദ്ഘാടനവും, കൊറ്റംകുളങ്ങര, പുതുക്കാട്, വള്ളിക്കീഴ് എന്നിവിടങ്ങളിലെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ഓൺലൈൻ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു മന്ത്രി. രോഗപ്രതിരോധം ഊർജിതമാക്കാൻ താഴെത്തട്ടിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ സജ്ജമാക്കുകയാണ്. സബ് സെന്ററുകൾ ജനകീയ ആരോഗ്യകേന്ദ്രങ്ങൾ ആക്കി ഉയർത്തും. ചവറ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രത്തിൽ 7.5 ലക്ഷം രൂപ ചെലവഴിച്ചാണ് നിർമാണ പ്രവർത്തികൾ നടത്തിയത്. ടെസ്റ്റിംഗ് സാമ്പിളുകൾ പുറത്തുള്ള പരിശോധന കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോകാൻ ഇന്ത്യ പോസ്റ്റുമായി സഹകരിച്ച് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. ഏറ്റവും കുറവ് മാതൃ-ശിശുമരണ നിരക്കുള്ള സംസ്ഥാനമാണിത്. ആർദ്രം പദ്ധതിയിലൂടെ 150 ഓളം പക്ഷാഘാത രോഗികളെ ജീവിതത്തിലേക്ക് തിരിച്ചെത്തിച്ചു. എല്ലാ സർക്കാർ ആശുപത്രികളുടെയും ചികിത്സാ നിലവാരം ഏകീകരിക്കാൻ കഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു.

# കിഴക്കഞ്ചേരിക്ക് സമ്പൂർണ്ണ ഹരിത സമൃദ്ധി ഗ്രാമപഞ്ചായത്ത് പദവി

ഹരിതകേരളം മിഷന്റെ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' ക്യാമ്പയിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരിക്ക് ആദ്യ സമ്പൂർണ്ണ ഹരിത സമൃദ്ധി ഗ്രാമപഞ്ചായത്ത് പദവി. ഊർജ



സംരക്ഷണം, പരിസ്ഥിതി പുനഃസ്ഥാപനം, കൃഷി, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിലെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് പഞ്ചായത്തിനെ ഈ നേട്ടത്തിന് അർഹമാക്കിയത്. കൂടാതെ ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളും ഹരിത സമൃദ്ധി വാർഡുകളായി മാറ്റാനും കഴിഞ്ഞു.

# ലൈഫ് : ഇടമലക്കുടിയിൽ 131 വീടുകൾ പൂർത്തിയായി

മണ്ണും മരങ്ങളും കൊണ്ടുണ്ടാക്കിയ പുല്ലു മേഞ്ഞ വീടുകളായിരുന്നു ഞങ്ങളുടേത്, അത് മുൻപത്തെ അവസ്ഥ. ഇപ്പോൾ ഞങ്ങൾക്ക് സർക്കാർ അടച്ചുറപ്പുള്ള നല്ല വീടുകൾ നൽകി' - സംസ്ഥാനത്തെ ഏക ഗോത്രവർഗ ഗ്രാമപഞ്ചായത്തായ ഇടുക്കി ജില്ലയിലെ ഇടമലക്കുടി നിവാസി മുരുകരാജിന്റെ വാക്കുകളാണിത്. മുരുകരാജിന് ഗംഭീര ഓണസമ്മാനമാണ് ഇത്തവണ സർക്കാർ നൽകുന്നത്. സംസ്ഥാന സർക്കാർ നിർമ്മിച്ച് നൽകിയ അടച്ചുറപ്പുള്ള വീട്ടിലേക്ക് ഓണത്തിന് താമസം മാറാനൊരുങ്ങുകയാണ് മുരുകരാജും കുടുംബവും.

പെട്ടിമുടിയിൽ ചുമട്ട് തൊഴിലാളിയായിരുന്ന ഇടമലക്കുടി സൊസൈറ്റികുടിയിലെ രാമനും വീട് കിട്ടിയതിന്റെ സന്തോഷത്തിലാണ്. രാമന്റെ വീടിന്റെ തറ നിർമ്മാണം പൂർത്തിയായി. ബാക്കി പണികൾ നടന്നു വരുന്നു. സഹോദരിയുടെ വീടിന്റെ നിർമ്മാണവും അവസാനഘട്ടത്തിലാണ്. മഴയും വെയിലും മഞ്ഞും കൊള്ളാതെ അടച്ചുറപ്പുള്ള വീട്ടിൽ താമസിക്കാൻ കഴിയുമെന്നതിൽ സന്തോഷമുണ്ടെന്ന് ഇവർ പറയുന്നു.

## ഇടുക്കിയിൽ 25000 വീടുകൾ പൂർത്തിയായി

ഇടുക്കി ജില്ലയിൽ ലൈഫ് മിഷൻ ഭവനപദ്ധതിയിൽ ഇതുവരെ 32821 പേർ കരാർ നൽകിയതിൽ 25253 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ബാക്കിയുള്ള 7568 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 1029.34 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചത്. പദ്ധതിയിൽ ആകെ പൂർത്തീകരിച്ച വീടുകളിൽ സ്വന്തമായി ഭൂമിയുള്ള 23193 പേർക്ക് വീട് നൽകുകയും 1829 പേർക്ക് ഭൂമി ഉൾപ്പെടെ വീട് നൽകുകയും ചെയ്തിട്ടുണ്ട്. അടിമാലി, കരിമണ്ണൂർ എന്നിവിടങ്ങളിലെ രണ്ട് ഭവനസമുച്ചയങ്ങളിലായി ഇതുവരെ ഭൂരഹിത, ഭവനരഹിതരായ 246 പേരെ പുനരധിവസിപ്പിച്ചു.

സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷനാണ് ഗോത്രവർഗ നിവാസികളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നത്. വനാന്തരത്തിലുള്ള ഇടമലക്കുടിയിലെ 28 കുടികളിലും ലൈഫ് പദ്ധതി പ്രകാരം ആധുനിക രീതിയിലുള്ള ഭവനങ്ങൾ ഉയർന്നു കഴിഞ്ഞു. ഇവിടെ ഇപ്പോൾ 131 വീടുകളുടെ പണി പൂർത്തീകരിച്ചു. 421 വീടാണ് ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ ആകെ അനുവദിച്ചിട്ടുള്ളത്. 6.48 കോടി രൂപ ഇത് വരെ ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതിക്കായി ചെലവഴിച്ചു. കരാർ ഒപ്പിട്ട ബാക്കിയുള്ള വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. മഴയും ദുർഘടമായ വഴിയും തീർക്കുന്ന പ്രതിസന്ധികൾ അതിജീവിച്ചാണ് ഇടമലക്കുടിയിൽ ഭവന നിർമ്മാണം പുരോഗമിക്കുന്നത്. മൂന്നാറിൽ നിന്നും നിർമ്മാണ സാമഗ്രികൾ എത്തിച്ച് തലച്ചുമടായി ഓരോ കുടിയിലേക്കും കൊണ്ടുവന്നാണ് നിർമ്മാണം.



# സൗഹൃദ ദിനത്തിൽ കണ്ണൂരിൽ 1,18,410 തൈകൾ കൈമാറി

കണ്ണൂർ ജില്ലയിലെ വിദ്യാലയങ്ങളിലും കലാലയങ്ങളിലുമായി വിദ്യാർഥികൾ ലോക സൗഹൃദ ദിനത്തിൽ കൈമാറിയത് 1,18,410 വൃക്ഷതൈകൾ. വിദ്യാലയങ്ങളിൽ 64103 വൃക്ഷതൈകൾ കൈമാറിയപ്പോൾ, കലാലയങ്ങളിലും സാങ്കേതിക സ്ഥാപനങ്ങളിലുമായി 49207 തൈകളും ഹരിത കർമസേന അംഗങ്ങൾ 2100 തൈകളുമാണ് സുഹൃത്തുക്കൾക്ക്



കൈമാറി നട്ടു പിടിപ്പിച്ചത്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഒരു തൈ നടാം എന്ന പരിപാടിയുടെ ഭാഗമായാണ് ജില്ലയിലെ വിദ്യാലയങ്ങളിൽ സുഹൃത്തുകൾക്ക് വൃക്ഷ തൈകൾ കൈമാറി നട്ടുപിടിപ്പിക്കുന്ന ചങ്ങാതിക്കൊരു തൈ പരിപാടി സംഘടിപ്പിച്ചത്. വൃക്ഷതൈകൾ വിദ്യാർത്ഥികൾ തന്നെ ശേഖരിച്ചാണ് സുഹൃത്തുകൾക്ക് കൈമാറിയത്. ചങ്ങാതിക്കൊരു തൈ പദ്ധതിയുടെ ജില്ലാതല നടീൽ ഉദ്ഘാടനം ചെറുതാഴം കോ-ഓപ്പറേറ്റീവ് കോളേജിൽ ചലച്ചിത്ര താരം കെ.യു. മനോജ് നിർവഹിച്ചു. ചെറുതാഴം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എം. ശ്രീധരൻ അധ്യക്ഷത വഹിച്ചു. കോ-ഓപ്പറേറ്റീവ് കോളേജിലെ എൻ എസ് എസ് വിദ്യാർത്ഥികൾ ഉല്പാദിപ്പിച്ച വൃക്ഷതൈകളാണ് കൈമാറിയത്. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.എം. പ്രസീത് സ്വാഗതം പറഞ്ഞു. ഹരിത കേരളം മിഷൻ ജില്ലാ കോ ഓഡിനേറ്റർ ഇ.കെ. സോമശേഖരൻ പദ്ധതി വിശദീകരിച്ചു.

# കണ്ണൂരിൽ ജില്ലാ ജലബജറ്റ് തയ്യാറാക്കുന്നു


ജില്ലയിലെ ജല ലഭ്യതയുടേയും ഉപയോഗത്തിന്റെയും ഭാവി ആസൂത്രണത്തിന്റെയും കണക്കുകൾ ഉൾപ്പെടുത്തി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കണ്ണൂർ ജില്ലാ ജലബജറ്റ് തയ്യാറാക്കുന്നു. ജില്ലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ജല ബജറ്റ് തയ്യാറായി കഴിഞ്ഞ സാഹചര്യത്തിൽ ജില്ലാ പ്ലാനിങ്ങ് വകുപ്പ്, ഭൂജല ഓഫീസ്, ചെറുകിട ജലസേചന വകുപ്പ്, കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വാട്ടർ അതോറിറ്റി, സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് ജില്ലാ ജല ബജറ്റ് തയ്യാറാക്കുന്നത്. ഇതിനായി മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ തരംതിരിക്കും. ജലം കൂടുതൽ ഉപയോഗിക്കുന്ന വിഭാഗങ്ങൾ, പ്രദേശങ്ങൾ, കുറവ് ഉപയോഗിക്കുന്ന പ്രദേശങ്ങൾ, പൊതുകുളങ്ങൾ, തോടുകൾ, മറ്റു ജലസംഭരണികൾ എന്നിവയുടെ പട്ടിക, ഉപ്പുവെള്ളം കയറുന്ന സ്ഥലങ്ങളുടെ വിശദാംശങ്ങൾ, വെള്ളക്കെട്ട് അനുഭവപ്പെടുന്ന പ്രദേശങ്ങൾ, വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജലത്തിന്റെ ഗുണനിലവാരം, പുഴ വെള്ളത്തിന്റെ ഗുണനിലവാരം എന്നിവയെല്ലാം ജല ബജറ്റിൽ ഉൾപ്പെടുത്തും.

# നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ്

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെ സഹകരണത്തോടെ നീർച്ചാലുകളുടെ ഡിജിറ്റൽ മാപിംഗ് പ്രവർത്തനത്തിന് തുടക്കം കുറിച്ചു. കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് വാർഡ് 11 പൊറ്റമ്മൽ മുള്ളമട ഭാഗത്ത് കല്ലംതോട് ഡിജിറ്റൽ മാപ്പ് ചെയ്തുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അരിയിൽ അലവി ഉദ്ഘാടനം നിർവഹിച്ചു. കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ദിവ്യ ഷിബു അധ്യക്ഷത വഹിച്ചു. ഓപ്പൺസ്ട്രീറ്റ് മാപിംഗ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഹരിതകേരളം മിഷൻ ടീം അംഗങ്ങൾ ബ്ലോക്ക് പരിധിയിലെ മുഴുവൻ നീർച്ചാലുകളും ഡിജിറ്റൽ മാപിംഗ് നടത്തും. നിലവിൽ ഭൂഗർഭ ജലസ്രോതസ്



കുറഞ്ഞു വരുന്ന ജില്ലയിലെ ബ്ലോക്കുകളിൽ ഒന്നായ കുന്ദമംഗലം ബ്ലോക്ക് സെമി ക്രിട്ടിക്കൽ ബ്ലോക്ക് പ്രവർത്തനങ്ങളുടെ ഭാഗമായി 1 ലക്ഷം രൂപ നീർച്ചാലുകളുടെ മാപിംഗ് പ്രവർത്തനത്തിനായി വകയിരുത്തിയിട്ടുണ്ട്. നേരത്തെ ഹരിതകരളം മിഷന്റെ നേതൃത്വത്തിൽ റീബിൾഡ് കേരള ഇനീഷിയേറ്റീവിന്റെ സഹകരണത്തോടെ പശ്ചിമഘട്ട പ്രദേശത്തെ നീർച്ചാലുകളുടെ വീണ്ടെടുപ്പിനായി 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന പേരിൽ 230 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മാപിംഗ് നടത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഈ ക്യാമ്പയിനിന്റെ ഭാഗമായി 14 ഗ്രാമപഞ്ചായത്തുകളിൽ മാപിംഗ് നടത്തുകയുണ്ടായി.



# ഇടുക്കി ജില്ലാ കോടതി സമുച്ചയത്തിൽ ഓർമ്മത്തുരുത്ത്

ഹരിതകേരളം മിഷൻ "ചങ്ങാതിക്ക് ഒരു തൈ" ക്യാമ്പയിനിന്റെയും "ഒരു തൈ നടാം" ജനകീയ വൃക്ഷവത്കരണ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെയും ഭാഗമായി സ്വാതന്ത്ര്യ ദിനത്തിൽ കേരള ഗസറ്റഡ് ഓഫീസേർസ് അസോസിയേഷൻ (കെ.ജി.ഒ.എ.) യുടെയും ഇടുക്കി തൊടുപുഴ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെയും സഹകരണത്തോടെ വൃക്ഷത്തൈകൾ കൈമാറി. കെ.ജി.ഒ.എ. ഇടുക്കി ജില്ലാ പ്രസിഡണ്ട് ബിജു സെബാസ്റ്റ്യൻ തൊടുപുഴ പ്രിൻസിപ്പൽ സെഷൻസ് ഡിസ്ട്രിക്ട് ജഡ്ജ് പി.



എസ്. ശശികുമാറിനാണ് വൃക്ഷത്തൈകൾ നൽകിയത്. തുടർന്ന് ജില്ലാ കോടതി സമുച്ചയത്തിലെ ന്യായാധിപന്മാർ പരസ്പരം ഫല വൃക്ഷത്തൈകൾ കൈമാറി. 'ഓർമ്മ തുരുത്ത്' എന്ന പേരിൽ ഈ വൃക്ഷത്തൈകൾ ലീഗൽ സർവീസസ് അതോറിറ്റിയുടെ തൊടുപുഴയിലെ കോമ്പൗണ്ടിൽ നട്ടു.

# താനൂർ ബ്ലോക്കിൽ ജലബജറ്റ്

താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ജല ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സൈനബ ചേനാത്ത് പ്രകാശനം ചെയ്തു. ഹരിതകേരളം മിഷൻ മലപ്പുറം ജില്ലാ കോർഡിനേറ്റർ ഡോ. സീമ പി. പദ്ധതി വിശദീകരണം നടത്തി.ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന പൊന്മുണ്ടം,




ചെറിയമുണ്ടം, നിറമരുതൂർ, ഒഴൂർ, പെരുമണ്ണക്ലാരി, താനാളൂർ, വളവന്നൂർ ഗ്രാമപഞ്ചായത്തുകളിലെ ജല ബജറ്റിന്റെ പ്രകാശനമാണ് നടന്നത്. കടൽ, കോൾ, പുഴ, കനാൽ എന്നിവയാൽ ചുറ്റപ്പെട്ട ബ്ലോക്ക് പഞ്ചായത്തിൽ വർഷം തോറും വേനൽക്കാലത്ത് കടുത്ത ജലക്ഷാമവും വരൾച്ചയും നേരിടുകയാണ്. പ്രകൃതിയിൽനിന്ന് ലഭ്യമാവുന്ന ജലം സംരക്ഷിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കാർഷിക വികസന കർഷക ക്ഷേമം, ജലസേചനം, തൊഴിലുറപ്പ്, മൃഗസംരക്ഷണം, ഫിഷറീസ് എന്നീ വകുപ്പുകളുമായി ചേർന്നാണ് പദ്ധതി നടപ്പാക്കിയത്. ഹരിതകേരളം മിഷന്റെ സഹകരണത്തോടെയാണ് ജലബജറ്റ് തയ്യാറാക്കിയത്.

# സെമി ക്രിട്ടിക്കൽ ബ്ലോക്കിലെ നീർച്ചാലുകളുടെ മാപിംഗ് ആരംഭിച്ചു

കൊല്ലം ജില്ലയിൽ സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിൽ ഉൾപ്പെടുന്ന മുഖത്തല, ശാസ്താംകോട്ട ബ്ലോക്കുകളിൽ ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക് എന്ന ക്യാമ്പയിന്റെ ഭാഗമായി നീർച്ചാലുകളിൽ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി നീർച്ചാലുകളുടെ മാപിംഗ് ആരംഭിച്ചു. രണ്ട് ബ്ലോക്കുകളിൽ ഉൾപ്പെട്ട 12 ഗ്രാ



മപഞ്ചായത്തുകളിലാണ് ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ മുഖേന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ മാപിംഗ് നടത്തുന്നത്. ഉദ്ഘാടനം നെടുമ്പന ഗ്രാമപഞ്ചായത്തിലെ കല്ലുകുഴി തോടിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ഗിരിജാകുമാരി നിർവ്വഹിച്ചു. പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട ആര്യങ്കാവ്, തെന്മല, കുളത്തുപ്പുഴ, ഏരൂർ, അലയമൺ, ചിതറ, പിറവന്തൂർ എന്നീ 7 ഗ്രാമപഞ്ചായത്തുകളിലെ നീർച്ചാലുകളുടെ മാപിംഗ് ഹരിതകേരളം മിഷൻ ഒരു വർഷം മുൻപ് പൂർത്തീകരിച്ചിരുന്നു. ജില്ലയിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിക്കാനും നീർച്ചാലുകളുടെ മാപിംഗ് ആരംഭിക്കാനുമാണ് ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നത്.

# ഹരിത ചട്ടത്തിന്റെ നിറവിൽ തൃക്കുന്നപ്പുഴയിൽ പിതൃബലിതർപ്പണം

ലക്ഷക്കണക്കിന് ആളുകൾ കർക്കിടക വാവ് ദിനത്തിൽ പിതൃക്കൾക്ക് ബലിയർപ്പിക്കാനെത്തുന്ന തൃക്കുന്നപ്പുഴയിൽ ഹരിത ചട്ടം പാലിച്ചുകൊണ്ട്



ബലിതർപ്പണ ചടങ്ങുകൾ ക്രമീകരിക്കുവാൻ ഗ്രാമപഞ്ചായത്തും ഹരിതകർമ സേനയും നടത്തിയത് മാതൃകാപരമായ പ്രവർത്തനം. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനാംഗങ്ങൾ ഓല കൊണ്ടുള്ള വട്ടികളും കമാനങ്ങളുമായാണ് ബലിതർപ്പണത്തിനെത്തിയവരെ വരവേറ്റത്. ക്ഷേത്രം മുതൽ ബലിതർപ്പണ ചടങ്ങുകൾ നടക്കുന്ന

കടൽത്തീരം വരെയുള്ള ഭാഗങ്ങളിൽ കുപ്പികളുൾപ്പെടെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിത കർമസേനാംഗങ്ങൾ ശേഖരിച്ചു. ബലിതർപ്പണ ചടങ്ങുകൾക്ക് ശേഷം തൃക്കുന്നപ്പുഴ കടൽത്തീരത്തെ മാലിന്യങ്ങൾ ഹരിത കർമസേനാംഗങ്ങളുടെ നേതൃത്വത്തിൽ വൃത്തിയാക്കുകയും ചെയ്തു.

## ജില്ലാ ജയിലിൽ ഗ്രീൻടോക്കും

### ഹരിത കർമസേനയും

എറണാകുളം കാക്കനാട് ജില്ലാ ജയിലിനെ ഹരിത ജയിലായി മാറ്റുന്നതിന്റെ ഭാഗമായി ഗ്രീൻ ടോക്കും ഹരിത കർമസേന രൂപീകരണവും സംഘടിപ്പിച്ചു. തൃക്കാക്കര മുനിസിപ്പാലിറ്റി ചെയർപേഴ്സൺ രാധാമണിപിള്ള ഉദ്ഘാടനം ചെയ്തു. ജയിൽ സൂപ്രണ്ട് ഹാരിസ് എം.എം. അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്, കൗൺസിലർ സി സി വിജു, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ രമ്യമോൾ എം.കെ. എന്നിവർ സംസാരിച്ചു. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ അഭിലാഷ് അനിരുദ്ധൻ മാലിന്യ പരിപാലനവും ഹരിതസ്ഥാപനവും എന്ന വിഷയത്തിൽ ക്ലാസും, അജൈവ പാഴ്വസ്തുക്കൾ തരംതിരിക്കുന്നതിന്റെ പ്രായോഗിക പരിശീലനം സുരേഷ് തുരുത്തിക്കരയും നൽകി.





## ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സ്റ്റേറ്റ് ഓഫീസിന് ഹരിത സ്ഥാപന സർട്ടിഫിക്കറ്റ്

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സ്റ്റേറ്റ് ഓഫീസിനെ ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചു. ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പനമ്പള്ളി നഗറിലുള്ള ഓഫീസ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ഡിവിഷൻ കൗൺസിലർ ലതിക ടീച്ചർ അധ്യക്ഷത വഹിച്ചു. നഗരസഭ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ടി.കെ. അഷ്റഫ് ഹരിത സ്ഥാപന പ്രഖ്യാപനം നിർവഹിച്ചു. ഹരിത സർട്ടിഫിക്കറ്റ്, ഐഒസി കേരള സ്റ്റേറ്റ് ഓഫീസ് സി.ജി.എം. & സ്റ്റേറ്റ് ഹെഡ് ഗീതിക വർമ്മക്കും, ഡിജിഎം എച്ച് ആർ ബീന മേനോനും നൽകി. കൗൺസിലർ മനാഫ് കെ.എ., ഐഒസി ഡിജിഎം സിഎസ്ആർ ജസീൽ ഇസ്മയിൽ, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഷാജ് സുബാഷ് എൻ.എസ്., ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ നിസാനിഷാദ്, ഐഒസി സീനിയർ മാനേജർ എച്ച് ആർ ഗോപിക ലക്ഷ്മണൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.





## വള്ളിക്കുന്നത്ത് ഹരിത സമൃദ്ധി വാർഡുകൾ

ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ വള്ളിക്കുന്നം, കടുവിനാൽ, കാഞ്ഞിരത്തുമൂട് ഗ്രാമപഞ്ചായത്തുകളിലെ 3, 8, 9 എന്നീ വാർഡുകളെ ഹരിത സമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു. ആഗസ്റ്റ് 17 (ചിങ്ങം 1) ചൂനാട് ഇലിപ്പക്കുളം സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ എം.എസ്. അരുൺ കുമാർ എം.എൽ.എ. ഇതു സംബന്ധിച്ച പ്രഖ്യാപനം നിർവഹിച്ചു. ഹരിതകേരളം മിഷൻ, കൃഷി ഭവൻ, കുടുംബശ്രീ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പടയണിവെട്ടം ബാങ്ക്, വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് തുടങ്ങിയവയുടെ കൂട്ടായ ശ്രമത്തിലൂടെയാണ് മൂന്നു വാർഡുകളെ ഹരിത സമൃദ്ധി വാർഡുകളാക്കിയത്. കരനെൽകൃഷി, വിദ്യാർത്ഥികളെ പങ്കാളികളാക്കി സ്കൂൾതല കൃഷി, തരിശുഭൂമി കൃഷി എന്നിവയുൾപ്പെടെ ഈ വാർഡുകളിൽ നടപ്പാക്കി. കൃഷിയിലെ മികവിന് കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും തൊഴിലാളികൾക്കും പുരസ്കാരങ്ങളും നൽകി. വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ കാർഷിക മുന്നേറ്റം, വിവിധ മേഖലകളുടെ സഹകരണം, കർഷകരുടെ ഒത്തൊരുമ, ഹരിതകേരളം മിഷന്റെ പിന്തുണ, കൃഷി ഉത്സവമായി കാണുന്ന പുതുതലമുറയുടെ സഹകരണം തുടങ്ങിയ ഘടകങ്ങൾ പദ്ധതിയെ വിജയത്തിലെത്തിച്ചു.

## ഭൂമിക്ക് പച്ചപ്പൊരുക്കി മേപ്പയ്യൂരിന്റെ കുട്ടിക്കൂട്ടം

ഹരിതകേരളം മിഷൻ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി വരുന്ന ഒരു തൈ നടാം ക്യാമ്പയിനിലെ ചങ്ങാതിക്കൊരു തൈ പരിപാടിയിൽ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളും അണിനിരന്നു. ഒറ്റ ദിവസം 10,000 വൃക്ഷത്തൈകളാണ് 16 വിദ്യാലയങ്ങളിലായി അധ്യാപകരും വിദ്യാർത്ഥികളും പരസ്പരം കൈമാറിയത്. ഗ്രാമപഞ്ചായത്തുതല ഉദ്ഘാടനം ജി വി എച്ച് എസ് എസ് മേപ്പയ്യൂരിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി.ടി. പ്രസാദ് നിർവ്വഹിച്ചു. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ ടി രാജൻ അധ്യക്ഷത വഹിച്ചു. തുടർന്ന് ആയിരത്തിലധികം വരുന്ന വിദ്യാർത്ഥികളും അധ്യാപകരും തൈകൾ പരസ്പരം കൈമാറി. സ്കൂൾ പച്ചത്തുരുത്തിന്റെ ഉദ്ഘാടനവും നടന്നു.





# സെന്റ് ആൽബർട്സ് കോളേജിൽ ഓർമ്മ മരങ്ങളുടെ പച്ചത്തുരുത്ത്

കൊച്ചി നഗരസഭയും ഹരിതകേരളം മിഷനും ചേർന്ന് എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് എൻഎസ്എസ് ടീമിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വൃക്ഷവത്കരണ ക്യാമ്പയിൻ -ചങ്ങാതിക്ക് ഒരു തൈ, പച്ചത്തുരുത്ത് എന്നീ പദ്ധതികളുടെ ഉദ്ഘാടനം കൊച്ചി നഗരസഭ മേയർ എം അനിൽകുമാർ നിർവഹിച്ചു. കോളജ് മാനേജരും ചെയർമാനുമായ റവ. ഡോ. ആന്റണി തോപ്പിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ എൻ എസ് എസ് പ്രോഗ്രാം ഓഫീസർ ഡോ. ഫ്രാൻസിസ് എം.സി. സ്വാഗതം ആശംസിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി പദ്ധതി വിശദീകരിച്ചു. കോളജ് പ്രിൻസിപ്പാൾ പ്രൊഫ. ഡോ. ജോസഫ് ജസ്റ്റിൻ റിബല്ലോ, റിസോഴ്സ് പേഴ്സൺ നിസാ നിഷാദ്, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ജീമ ജോസ് തുടങ്ങിയവർ സംസാരിച്ചു. പച്ചത്തുരുത്തിനായുള്ള തൈകളും ചടങ്ങിൽ കൈമാറി. ഹരിതകേരളം മിഷൻ നടത്തിവരുന്ന പച്ചത്തുരുത്ത് പദ്ധതിയെ കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപിപ്പിക്കുന്നതോടൊപ്പം സമഗ്ര വൃക്ഷവത്കരണ പ്രവർത്തനം ലക്ഷ്യമിട്ടുകൊണ്ട് ജനകീയമായി നടത്തിവരുന്ന ഒരു തൈ നടാം ക്യാമ്പയിനിൽ വിദ്യാർത്ഥികൾ അവരുടെ വീടുകളിൽ നിന്നും ഒരുവൃക്ഷ തൈ വീതം കൊണ്ടുവരികയും അവരുടെ ചങ്ങാതിക്ക് കൈമാറുകയും ചെയ്തു.



# റസിഡന്റ് അസോസിയേഷനുകൾക്ക് തൈ വിതരണം

ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷനും, കോൺഫെഡറേഷൻ ഓഫ് റസിഡൻസ് വെൽഫയർ അസോസിയേഷനും (CORWA) ചേർന്ന് മാവിൻ തൈകൾ തൃശൂർ ജില്ലയിലെ വിവിധ റസിഡൻസ് അസോസിയേഷനുകൾക്കായി വിതരണം ചെയ്തു. 2025 ആഗസ്റ്റ് 15 ന് അയ്യന്തോൾ പഞ്ചിക്കൽ പാലം അപ്പൻ തമ്പുരാൻ സ്മാരക വായനശാല പരിസരത്ത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് മാവിൻതൈകൾ കൈമാറി ഉദ്ഘാടനം നിർവഹിച്ചു. CORWA ജില്ലാ പ്രസിഡന്റ് എ.ജി. ധീരജ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ദിദിക സി. പദ്ധതി വിശദീകരണം നടത്തി.



# കൊരങ്ങാട്ടി പാടശേഖരം കൃഷിയോഗ്യമാക്കാൻ കർഷകസംഘം

തരിശിട്ടു കിടക്കുന്ന ഇടുക്കി ജില്ലയിലെ കൊരങ്ങാട്ടി പാടശേഖരം സമ്പൂർണ്ണമായി കൃഷിയോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ അടിമാലി കർഷകസംഘത്തിന്റെ സഹകരണത്തോടെ ആലോചനയോഗം നടന്നു. കൊരങ്ങാട്ടി കമ്മ്യൂണിറ്റി ഹാളിലാണ് പരിപാടി സംഘടിപ്പിച്ചത്. പാടശേഖരത്തിൽ നിലവിൽ നടന്നുവരുന്ന ജലസേചന പദ്ധതിയുടെ വിലയിരുത്തലും മുന്നോട്ടുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണവും ആയിരുന്നു പ്രധാന ചർച്ച.

ചടങ്ങ് ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോഡിനേറ്റർ ടി.പി. സുധാകരൻ, ഹരിതകേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എബ്രഹാം കോശി, വാർഡ് മെമ്പർ സി.ഡി. ഷാജി, കർഷകസംഘം സംസ്ഥാന വർക്കിങ് കമ്മിറ്റിയംഗം ടി.കെ. ഷാജി, ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ ചാണ്ടി പി. അലക്സാണ്ടർ, എകെഎസ് സംസ്ഥാന കമ്മിറ്റിയംഗം എം.ആർ. ദീപു, എന്നിവർ സംസാരിച്ചു.

ഇടുക്കി പോലൊരു സങ്കീർണമായ ഭൂപ്രദേശത്ത് 88 ഏക്കർ നെൽക്കൃഷി തിരിച്ചുകൊണ്ടുവരുന്നത് വലിയ നേട്ടമായിരിക്കും എന്ന് ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ അഭിപ്രായപ്പെട്ടു. നിലവിൽ ഹരിതകേരളം മിഷൻ ആണ് പാടശേഖരത്തിലെ വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത്.



കർഷകസംഘം, പ്രാദേശിക കർഷകർ, കുടുംബശ്രീ സംഘങ്ങൾ തുടങ്ങിയവർ സംയുക്തമായി ഇപ്രാവശ്യം കൃഷിയിറക്കും. ഇതോടൊപ്പം തന്നെ സ്കൂൾ പരിസരത്ത് പച്ചക്കറി കൃഷി ത്വരിതപ്പെടുത്തുന്നതിനായി കൊരങ്ങാട്ടി ഗവ. ഹൈസ്കൂളിലെ സ്കൂൾ സോഷ്യൽ സർവീസ് സ്കീം കുട്ടികളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള കുട്ടി കൃഷിക്കൂട്ടം പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ഒരു തൈ നടാം ക്യാമ്പയിനിന്റെ' ഭാഗമായി വൃക്ഷത്തൈകളും കുട്ടികൾക്ക് കൈമാറി. കൊരങ്ങാട്ടി ഗവൺമെൻറ് ഹൈസ്കൂളിന് സമീപം കൊരങ്ങാട്ടി കർഷക സംഘത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സംയോജിത കൃഷി മാതൃക തോട്ടവും ഡോ. ടി.എൻ. സീമ സന്ദർശിച്ചു.




# വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾക്ക് പുനർജീവൻ

പത്തനംതിട്ട കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിൽ തുരുത്തിക്കാട് ബി എ എം കോളജിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ കോളജിൽ പച്ചത്തുരുത്തിന് തുടക്കമായി. കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീത ശ്രീകുമാർ



കിളിനാങ്ക് തൈ നട്ടുകൊണ്ട് ഉദ്ഘാടനം നിർവഹിച്ചു. ബി എ എം കോളേജ് പ്രിൻസിപ്പൽ അനീഷ് കുമാർ ജി എസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷന്റെ 'ഒരു തൈ നടാം' ക്യാമ്പയിന്റെ ഭാഗമായിട്ട് കോളജ് എൻ.എസ്.എസ്. യൂണിറ്റ്, നേച്ചർ ക്ലബ്ബ്, ഭൂമിത്ര സേന എന്നിവയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തു വംശനാശ ഭീഷണി നേരിട്ടു കൊണ്ടിരിക്കുന്ന കിളിനാങ്ക്, കൽമണിക്യം, ചുവന്ന അകിൽ,പൂതം കൊല്ലി, വെള്ളപ്പയിൻ, കമ്പകം,നാട്ടുമാവ് എന്നീ വൃക്ഷതൈകളാണ് നട്ടുപിടിപ്പിച്ചത്. 5 സെന്റ് സ്ഥലത്ത് 50 തൈകളാണ് നട്ടത്. തുടർന്ന് 'പരിസ്ഥിതി പുനസ്ഥാപനവും വൃക്ഷവത്ക്കരണത്തിന്റെ പ്രാധാന്യവും' എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്ക് ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ പാർത്ഥൻ എസ് ക്ലാസ് നൽകി.

# ഗുരുകൃപ കോളേജിൽ ചങ്ങാതിക്കൊരു തൈ

ഹരിതകേരളം മിഷനും തിരുവനന്തപുരം പോത്തൻകോട് ഗ്രാമപഞ്ചായത്തും ശ്രീനാരായണ ഗുരുകൃപാ ബിഎഡ് കോളേജും ചേർന്ന് ചങ്ങാതിക്കൊരു തൈ ക്യാമ്പയിൻ നടത്തി. പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റ്റി ആർ അനിൽകുമാർ പദ്ധതി ഉദ്ഘാടനം നിർവഹിച്ചു. കോളേജ് മാനേജർ നിർമ്മലാനന്ദ അധ്യക്ഷത വഹിച്ചു. ചങ്ങാതിക്കൊരു തൈ ക്യാമ്പയിൻ പദ്ധതി വിശദീകരണം നവകേരളം കർമപദ്ധതി ജില്ല കോഡിനേറ്റർ സി. അശോക് നിർവഹിച്ചു. വൃക്ഷത്തോടൊപ്പം സൗഹൃദവും വളരട്ടെ എന്ന ആശയം നടപ്പിലാക്കിക്കൊണ്ട് പ്രകൃതിക്കും പരിസ്ഥിതിക്കും വേണ്ടി മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ യോഗത്തിൽ വിശദീകരിച്ചു. ജില്ലയിൽ നടുന്ന വൃക്ഷങ്ങൾക്ക് ജിയോ ടാഗിംഗ് നടത്തുന്ന



പ്രവർത്തനവും ഇതോടൊപ്പം ആരംഭിച്ചു. ആഗസ്റ്റ് 3 ന് സൗഹൃദ ദിനത്തിൽ കുട്ടികൾ അവരുടെ കൂട്ടുകാർക്ക് വൃക്ഷത്തൈകൾക്ക് കൈമാറി 55 തൈകൾ നട്ടുകൊണ്ട് കോളേജ് പരിസരത്ത് ഒരു പുതിയ പച്ചത്തുരുത്തിനും തുടക്കം കുറിച്ചു.

# വൃക്ഷവല്ക്കരണത്തോടൊപ്പം ഊർജ്ജ സംരക്ഷണ ക്ലാസ്സും

കാസർഗോഡ് മുഴക്കോം കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് 1,2 വാർഡുകളുടെയും സോഷ്യൽ ഫോറസ്ടി കാസർഗോഡ് ഡിവിഷന്റെയും സംയുക്താഭിമുഖ്യത്തിൽ മുഴക്കോം പാറമ്മൽ ക്ഷേത്ര പരിസരത്ത് പച്ചത്തുരുത്തിന് വേണ്ടിയുള്ള വൃക്ഷവല്ക്കരണം നടത്തി. അരയേക്കറോളം പാറപ്രദേശത്ത് മണ്ണിട്ട് നികത്തിയാണ് വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചത്.

വൃക്ഷവല്ക്കരണത്തിന്റെ ഉദ്ഘാടനം പേരത്തൈ നട്ടുകൊണ്ട് കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഏ ജി അജിത് കുമാർ നിർവ്വഹിച്ചു. ഒന്നാം വാർഡ് മെമ്പർ എൻ വി രാമചന്ദ്രൻ



അധ്യക്ഷനായി. ചടങ്ങിൽ അംബികാസുധൻ മാങ്ങാടിന്റെ 'ജീവവായു' എന്ന കഥയ്ക്ക് ഈ കാലഘട്ടത്തിന് അനുയോജ്യമായ ക്ലൈമാക്സ് എഴുതിയ GHSS കയ്യൂരിലെ 5-ാം തരം വിദ്യാർത്ഥിനി ദേവ മിത്രയെ അനുമോദിച്ചു. സ്ഥിരം സമിതി അധ്യക്ഷന്മാരായ കെ. സുകുമാരൻ, പി. ശശിധരൻ, സോഷ്യൽ ഫോറസ്റ്റ് പ്രതിനിധി നാരായണ നായ്ക്ക്, വികസന സമിതി കൺവീനർ കെ. രാജു, അമ്പലം സെക്രട്ടറി പി. രത്നാകരൻ, ഹെൽത്ത് ഇൻസ്പക്ടർ കെ. രാജീവൻ എന്നിവർ ചടങ്ങിന് ആശംസ നേർന്നു.

ചടങ്ങിൽ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ പി.വി. ദേവരാജൻ മാസ്റ്റർ ഊർജ്ജ സംരക്ഷണ ക്ലാസ്സ് നടത്തി. 75 ഓളം പേർ വൃക്ഷവല്ക്കരണ ചടങ്ങിലും ക്ലാസ്സിലും പങ്കെടുത്തു. രണ്ടാം വാർഡ് മെമ്പർ കെ.ബി. വീണ സ്വാഗതവും തൊഴിലുറപ്പ് ഓവർസിയർ നവീൻ നന്ദിയും പറഞ്ഞു.



# ചങ്ങാതിക്കൊരു തൈയുമായി ബേഡഡുക്ക പഞ്ചായത്ത്

കേരള സർക്കാർ നടപ്പിലാക്കുന്ന ഒരു കോടി തൈ വൃക്ഷവൽക്കരണ ക്യാമ്പയിനിന്റെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സ്ഥാപനങ്ങളിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ചങ്ങാതിക്കൊരു തൈ പരിപാടി കാസർഗോഡ് ബേഡഡുക്ക പഞ്ചായത്തിൽ ആവേശമായി. പഞ്ചായത്ത് ജന പ്രതിനിധികളും, ജീവനക്കാരും പരസ്പരം ചങ്ങാതിമാരെ നറുക്കെടുപ്പിലൂടെ കണ്ടെത്തുകയും അവർക്ക് സൗഹൃദ സമ്മാനമായി മര തൈകൾ കൈമാറുകയായിരുന്നു. ഇത് വേറിട്ടൊരു പരിപാടിയാണെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. ധന്യസ്ക്ക് ചങ്ങാതി ഫലവൃക്ഷ തൈ കൈമാറിക്കൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. മാധവൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ലത ഗോപി, വരദരാജ്, വസന്തകുമാരി, അസിസ്റ്റന്റ് സെക്രട്ടറി പ്രദീഷ്, CDS ചെയർപേഴ്സൺ ഗുലാബി എം., ഹരിതകേരളം മിഷൻ ആർ.പി. ലോഹിതാക്ഷൻ എന്നിവർ സംസാരിച്ചു. പഞ്ചായത്ത് സെക്രട്ടറി അനീഷ് എസ്. എസ്. സ്വാഗതം പറഞ്ഞു. 100 ഓളം തൈകൾ പരസ്പരം കൈമാറി.





# കട്ടമുടിക്കുടിയിൽ നടീൽ ഉത്സവം സംഘടിപ്പിച്ചു

അടിമാലി ഗ്രാമപഞ്ചായത്തിലെ കട്ടമുടി ട്രൈബൽ സെറ്റിൽമെന്റിൽ ഉൾപ്പെടുന്ന കട്ടമുടിക്കുടിയിൽ നടീൽ ഉത്സവം സംഘടിപ്പിച്ചു. 40 വർഷത്തിനുശേഷമാണ് കുടിയിലെ നെൽപ്പാടങ്ങളിൽ കൃഷിയിറക്കുന്നത്. 29 കർഷകരാണ് ഈ വർഷം വിത്തിറക്കിയത്. ഏകദേശം 10 ഏക്കറിൽ ആണ് ഈ വർഷം നെൽകൃഷി ആരംഭിച്ചിട്ടുള്ളത്. പാടശേഖരം മുഴുവനായും 20 ഏക്കർ വരുമെന്നാണ് ഏകദേശം കണക്ക്. നടീൽ ഉത്സവം അടിമാലി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് അനസ് ഇബ്രാഹിം നിർവഹിച്ചു, വാർഡ് മെമ്പർ ഷിജി, കൃഷി ഓഫീസർ സിജി, ഹരിതകേരളം മിഷൻ പ്രോജക്ട് അസോസിയേറ്റ് ജിഷ്ണു, കാണി രാംരാജ് തുടങ്ങിയവർ പങ്കെടുത്തു. ഇതേ ട്രൈബൽ സെറ്റിൽമെന്റിലെ തന്നെ കുഞ്ഞിപ്പെട്ടിക്കുടിയിൽ നടന്ന നെൽകൃഷി പുനരുജ്ജീവന പ്രവർത്തനങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് കട്ടമുടിക്കുടിയിലെ കർഷകർ നെൽ കൃഷിയിലേക്ക് വീണ്ടും വന്നിരിക്കുന്നത്. കുഞ്ഞിപ്പെട്ടിക്കുടിയിൽ നിന്നും ശേഖരിച്ച് H4 എന്ന് നെല്ലിനമാണ് ഈ വർഷം കൃഷി ചെയ്യുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പാടശേഖരത്തിലെ പ്രധാന തോട് ഒരു കിലോമീറ്ററോളം ദൂരം വീണ്ടെടുത്തത് കാർഷിക പ്രവർത്തനങ്ങൾ സുഗമമാക്കി.



# ആലപ്പുഴ ജില്ലയുടെ ആരോഗ്യ മേഖലയിൽ നൂറു കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങൾ

നൂറു കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ആലപ്പുഴ ജില്ലയിലെ ആരോഗ്യ മേഖലയിൽ നടത്തിയതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. നൂറനാട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാന സർക്കാരിന്റെ ആർദ്രം മിഷന്റെ ഭാഗമായാണ് പഞ്ചായത്ത് കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയത്. മാവേലിക്കര മണ്ഡലത്തിലും ആരോഗ്യ മേഖലയിൽ ഒട്ടേറെ പ്രവർത്തനങ്ങളുണ്ടായി. അഞ്ചുകോടി രൂപ ചെലവിൽ പുതിയ സ്ഥലം കണ്ടെത്തി മാവേലിക്കരയിൽ ആയുർവേദ ആശുപത്രി നിർമ്മാണം ആരംഭിക്കുകയാണ്. എല്ലാ ആരോഗ്യ കേന്ദ്രങ്ങളും ഇന്ന് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറി.

45 ലക്ഷം രൂപ ചെലവുണ്ടായിരുന്ന കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ഇന്ന് സർക്കാർ ആശുപത്രികളിൽ സൗജന്യമായി ചെയ്യാൻ കഴിയുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച നൂറനാട് കുടുംബാരോഗ്യ കേന്ദ്രം പുതിയ കെട്ടിടത്തിന് 48 ലക്ഷം രൂപയാണ് ചെലവഴിച്ചത്. ഏഴ് ലക്ഷം രൂപ ചെലവിൽ നിർമ്മാണം പൂർത്തീകരിച്ച തഴക്കര പഞ്ചായത്തിലെ അറുന്നൂറ്റിമംഗലം ജനകീയാരോഗ്യകേന്ദ്രത്തിന്റെ ഉദ്ഘാടനവും മന്ത്രി ഓൺലൈനായി നിർവഹിച്ചു.

## മൈനാഗപ്പള്ളിയിൽ തരിശ് ഏലകളിൽ കൃഷി ആരംഭിക്കുന്നു

ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ വർഷങ്ങളായി തരിശായി കിടന്ന ചാലായിൽ മാടൻനട ഏലയിൽ നെൽകൃഷി ആരംഭിക്കുന്നു. കൊല്ലം മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ 18,20 വാർഡുകളിലായി ഏകദേശം 468 ഏക്കർ വിസ്തൃതിയുള്ള ചാലായിൽ മാടൻനട ഏല വെള്ളക്കെട്ട് മൂലം കഴിഞ്ഞ 35 വർഷങ്ങളായി തരിശായി കിടക്കുകയായിരുന്നു. വെള്ളക്കെട്ട് ഒഴിവാക്കി ചാലായിൽ മാടൻനട ഏലയും വെട്ടിക്കാട്ട് ഏലയും കൃഷി യോഗ്യമാക്കുന്നതിനായി ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ 2022 ജൂൺ മാസം മുതൽ പ്രവർത്തനം ആരംഭിച്ചിരുന്നു. ഹരിതകേരളം മിഷൻ ടെക്നിക്കൽ ടീം ഈ ഏലകൾ സന്ദർശിക്കുകയും ചെലവ് കുറഞ്ഞ രീതിയിൽ വെള്ളക്കെട്ട് ഒഴിവാക്കി കൃഷി ആരംഭിക്കുന്ന പ്രവർത്തനം ആസൂത്രണം ചെയ്യുകയും തുടർ പ്രവർത്തനങ്ങൾ




വിലയിരുത്തുകയും ചെയ്തു. ഇറിഗേഷൻ വകുപ്പ്, മൈനർ ഇറിഗേഷൻ, മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ.പി.കെ. ഗോപൻ നിർവ്വഹിച്ചു.

## പാലക്കാട് നഗരസഭയിൽ 1000 കരിമ്പന തൈകൾ നട്ടു

ഒരു തൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിനോടനുബന്ധിച്ച് പാലക്കാട് മുനിസിപ്പാലിറ്റിയിൽ 1000 പനവിത്തുകൾ വെച്ചുപിടിപ്പിക്കുന്നതിന്റെ ഉദ്ഘാടനം പാലക്കാട് ചെറിയ കോട്ടമൈതാനം പരിസരത്ത് നട്ട് മുനിസിപ്പൽ ചെയർപേഴ്സൺ പ്രമീള ശശിധരൻ നിർവഹിച്ചു. പാലക്കാട് ഗവ: വിക്ടോറിയ കോളേജിലെ എൻ.എസ്.എസ്. വിദ്യാർത്ഥി



കളുടെ സഹായത്തോടെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച 1000 പനവിത്തുകൾ മുനിസിപ്പാലിറ്റിയുടെ 52 വാർഡുകളിലും നടുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. വിത്തുകൾ ശേഖരിക്കുന്നതിനായി മുന്നോട്ടുവന്ന പാലക്കാട് വിക്ടോറിയ കോളേജ് എൻ.എസ്.എസ് കോഡിനേറ്റർ ആശ ടീച്ചറെയും, വിദ്യാർത്ഥികളെയും ചടങ്ങിൽ അഭിനന്ദിച്ചു.

## പിറവം ഗവ. ഹയർ സെക്കൻഡറി സ്കൂൾ: രണ്ടാംഘട്ട നിർമ്മാണം

വിദ്യാകിരണത്തിന്റെ ഭാഗമായി പിറവം ഗവ.ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ രൂപരേഖ അനൂപ് ജേക്കബ് എം.എൽ.എ-യുടെ അധ്യക്ഷതയിൽ കൂടിയ യോഗം അംഗീകരിച്ചു. ഇത് സർക്കാരിലേക്ക് സമർപ്പിച്ച് അന്തിമ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുമെന്ന് എം.എൽ.എ പറഞ്ഞു. കിഫ്ബി പദ്ധതി വഴി അനുവദിച്ച 5.30 കോടി രൂപയിൽ 1.50 കോടി രൂപയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചിരുന്നു. ബാക്കിയുള്ള 3.80 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് യോഗത്തിൽ അവതരിപ്പിച്ചു. നാല് ക്ലാസ് റൂം, ലാബുകൾ, ലൈബ്രറി, റീഡിംഗ് റൂം, സ്റ്റാഫ് റൂം, ആധുനിക നിലവാരത്തിലുള്ള ടോയ്‌ലെറ്റുകൾ, ഭിന്നശേഷി സൗഹൃദമായ ടോയ്‌ലെറ്റ്, റാമ്പ്, പ്രത്യേകമായ വാഷ് ഏരിയ ഉൾപ്പെടെയുള്ള പുതിയ ബ്ലോക്കും, സ്കൂളിന് പ്രവേശന കവാടവുമാണ് രണ്ടാംഘട്ട നിർമാണ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.



# ജലമാണ് ജീവൻ

# ജലജന്യ രോഗപ്രതിരോധം ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ ജനകീയ തീവ്ര കർമപരിപാടി





സുരക്ഷിത ജല ലഭ്യതയും ജലജന്യ രോഗപ്രതിരോധവും ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ആരോഗ്യം, പൊതുവിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ സംസ്ഥാന വ്യാപകമായി ജലമാണ് ജീവൻ എന്ന പേരിൽ ജനകീയ തീവ്ര കർമപരിപാടി സംഘടിപ്പിക്കുന്നു. നാലു ഘട്ടങ്ങളായി സംഘടിപ്പിക്കുന്ന പരിപാടിയിൽ ആദ്യഘട്ടത്തിൽ ആഗസ്റ്റ് 30, 31 തീയതികളിൽ സംസ്ഥാനത്തെ വീടുകളിലും സ്ഥാപനങ്ങളിലുമുള്ള എല്ലാ കിണറുകളിലും ക്ലോറിനേഷൻ നടത്തും. സെപ്റ്റംബർ 8 മുതൽ 30 വരെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകൾ വഴിയുള്ള ബോധവൽക്കരണവും, ഹയർ സെക്കൻഡറി സ്കൂളുകളിലെ രസതന്ത്രലാബിനോട് ചേർന്ന് ഹരിതകേരളം മിഷൻ സജ്ജമാക്കിയ ജലഗുണനിലവാര പരിശോധനാ സംവിധാനം കേന്ദ്രീകരിച്ച് വിപുലമായ ജല പരിശോധനയും അതിന്റെ ഫലത്തെ അടിസ്ഥാനമാക്കിയുള്ള പരിഹാര പ്രവർത്തനങ്ങളും സംഘടിപ്പിക്കും. തുടർന്ന് സെപ്റ്റംബർ 20 മുതൽ നവംബർ 1 വരെ ജനങ്ങൾ ഉപയോഗിക്കുന്ന മുഴുവൻ കുളങ്ങളിലും ജലസ്രോതസ്സുകളിലും ശുചീകരണവും അവയിൽ മാലിന്യം എത്തുന്ന വഴികൾ അടയ്ക്കലും ഉൾപ്പെടെ പൊതു ജലസ്രോതസ്സുകളിലെ ജലശുദ്ധി ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കും. ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഏകോപിപ്പിച്ചാണ് കർമപരിപാടി സംഘടിപ്പിക്കുന്നത്. ആശാ പ്രവർത്തകർ, അങ്കണവാടി ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, ഹരിത കർമസേന, തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ എല്ലാം ഉൾപ്പെടുത്തി ജനകീയ കർമപരിപാടിയായാണ് ജലമാണ് ജീവൻ ക്യാമ്പയിൻ നടപ്പാക്കുന്നത്. അമീബിക് മസ്തിഷ്ക ജ്വരം ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങൾക്ക് കാരണമാകുന്ന സൂക്ഷ്മ ജീവികളെ പ്രതിരോധിക്കാനാണ് ആദ്യഘട്ടത്തിൽ കിണറുകളിൽ ക്ലോറിനേഷൻ നടത്തുന്നത്. പൈപ്പ് വെള്ളം ഉപയോഗിക്കുന്നവർ അത് സംഭരിക്കാൻ ഉപയോഗിക്കുന്ന ടാങ്കുകൾ ശുചീകരിക്കണം. പൊതു കിണറുകളും ഈ ക്യാമ്പയിന്റെ ഭാഗമായി ക്ലോറിനേറ്റ് ചെയ്യും. കിണറുകളിൽ നിലവിലുള്ള ജലത്തിന്റെ അളവ് അനുസരിച്ച് ശാസ്ത്രീയമായ ക്ലോറിനേഷൻ പ്രവർത്തനമാണ് നടത്തുന്നത്. ഇതിനാവശ്യമായ ബ്ലീച്ചിംഗ് പൗഡർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കും. അതത് സ്ഥലങ്ങളിലെ മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ തുടങ്ങിയവർ ക്ലോറിനേഷൻ പ്രവർത്തനങ്ങൾക്ക് വിദഗ്ധ ഉപദേശവും പരിശീലനവും നൽകും.



## ചോലപ്പുറം പച്ചത്തുരുത്ത്

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും സഹകരണത്തോടെ 2019 നവംബർ മാസം 11 നു തുടക്കം കുറിച്ച വയനാട് ജില്ലയിലെ ഏറ്റവും മികച്ച പച്ചതുരുത്താണ് ചോലപ്പുറം പച്ചത്തുരുത്ത്. പുഴയോരത്തിന്റെ സ്വഭാവികത നഷ്ടപ്പെടാതെ മുളകളും മരങ്ങളും പഴവർഗ്ഗങ്ങളും ഇവിടെ നട്ടുപിടിപ്പിച്ചിട്ടുണ്ട്. എടത്തറക്കടവ് പുഴയുടെ തീരത്തായി ഒരു ഏക്കറിലധികം വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ചോലപ്പുറത്തെ ഒരു ചെറു വനമാക്കാൻ ഹരിത കേരളം മിഷനും പഞ്ചായത്തും ചേർന്ന് തിരഞ്ഞെടുത്തു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും സഹകരണത്തോടെയാണ് പച്ചതുരുത്തിന്റെ പരിപാലനം. പച്ചത്തുരുത്തിൽ 774 വിവിധ ഇനം ചെടികളും മരങ്ങളും 47 ഇനം ചെടികളുമുള്ളതായി കണ്ടെത്തിയിട്ടുണ്ട്.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246